**പതിമൂന്നാംകേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1190** | **14.06.2012 - ൽ മറുപടിക്ക്**

## ആറ്റിങ്ങൽ ബൈപാസ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ബി. സത്യൻ** | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പുമന്ത്രി)** |
| (എ) ആറ്റിങ്ങൽ പട്ടണത്തിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാനും നാഷണൽ ഹൈവേയിലെ അപകടങ്ങൾ കുറയ്ക്കാനുമായി പരിഗണനയിലുള്ള ആറ്റിങ്ങൽ ബൈപാസ് റോഡ് പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | (എ) എൻ.എച്ച്.ഡി.പി. ഫെയ്സ് 3 എ.യിൽ ഉൾപ്പെടുത്തി ബി.ഒ.ടി. വ്യവസ്ഥയിൽ എൻ.എച്ച്.47 ഓച്ചിറ മുതൽ കഴക്കൂട്ടം വരെ 4/6 വരി പാതയായി വികസിപ്പിക്കുന്ന പദ്ധതിയിൽ ആറ്റിങ്ങൾ ബൈപ്പാസ് ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനായി സ്ഥലമേറ്റെടുക്കുന്നതിനുള്ള 3A(1) വിജ്ഞാപനം എൻ.എച്ച്.ആക്റ്റ് 1956 പ്രകാരം 27.03.2012 -ലെ കേന്ദ്ര സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത ബൈപാസ് റോഡ് പദ്ധതി നടപ്പിൽ വരുത്തുവാൻ എത്ര തുക വേണ്ടിവരുമെന്ന് പറയുമോ; | (ബി) ആറ്റിങ്ങൾ ബൈപ്പാസിന് വേണ്ടി പ്രത്യേകമായ എസ്റ്റിമേറ്റ് ഇല്ല. ഓച്ചിറ മുതൽ കഴക്കൂട്ടം വരെയുള്ള എൻ.എച്ച്.47 ന്റെ ഭാഗമായാണ് വികസിപ്പിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തുന്നതിന് സംസ്ഥാന സർക്കാർ എടുക്കേണ്ട നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ? | (സി) | സ്ഥലമേറ്റെടുക്കുന്നതിനുള്ള 3(ഡി) നടപടികൾ ആറ് മാസത്തിനുള്ളിൽ എൻ.എച്ച്.എ.ഐ. പൂർത്തിയാക്കുന്നതാണ്. സ്ഥലമെടുപ്പ് സുഗമമായി നടത്തുന്നതിലേയ്ക്കായി ഒഴിപ്പിക്കപ്പെടുന്നവരുടെ പുനരധിവാസത്തിനു അർഹമായ നഷ്ടപരിഹാരം നൽകുന്നതിലേയ്ക്കായി സർക്കാർ 15.11.2011 -ൽ ജി.ഒ.(എം.എസ്.) നം.419/2011/ആർ.ഡി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചതിനുശേഷം മാത്രമേ എൻ.എച്ച്.എ.ഐ. ടെണ്ടർ നടപടികൾ ആരംഭിക്കുകയുള്ളൂ. ആറ് മാസത്തിനുള്ളിൽ 3(D) പ്രകാരമുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കേണ്ടതാണ്. |

Salitha

സെക്ഷൻ ഓഫീസർ